നം.10/2018/SRG/LSGD/CC

## 2018 -19ലെ വാർഷിക പദ്ധതി സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി അന്തിമമാക്കൽ സംബന്ധിച്ച മാർഗ്ഗരേഖ

സ്പിൽ ഓവർ പ്രോജക്ടുകൾ സംബന്ധിച്ച് 12.04.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള 02.05.2018-ലെ DA1/439/2018/തസ്വഭവ നമ്പർ സർക്കുലറിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു. എന്നാൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി 2018-19-ലെ വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്താൻ അനുമതി നൽകുന്നു. ഇപ്രകാരം വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ആവശ്യമായ ഭേദഗതി വരുത്തി സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി 2018-19-ലെ അന്തിമ വാർഷിക പദ്ധതി 16.06.2018-നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന ഭേദഗതികൾ അനുവദിക്കാൻ തീരുമാനിച്ചു.

(i) 02.05.2018-ലെ DA1/439/2018/തസ്വഭവ സർക്കുലർ പ്രകാരം കാറ്റഗറി - 2-ൽ വരുന്ന സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിനുമുള്ള ഭേദഗതി

(ii) വാർഷിക പദ്ധതിയിലെ ഏതെങ്കിലും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസർ അനുമതി നൽകാതിരിക്കുകയോ സാങ്കേതികാനുമതി ലഭിക്കാതിരിക്കുകയോ ചെയ്താൽ

(iii) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, സർക്കാർ നിർദ്ദേശപ്രകാരം എടുക്കേണ്ട പ്രോജക്ടുകൾ (ഉദാ: കായിക വികസനം, സംരംഭകത്വ ക്ലബ് തുടങ്ങിയവ) ഉൾപ്പെടുത്താൻ

(iv) ജില്ലാ ആസൂത്രണസമിതി നിരസിച്ചതും മാർഗ്ഗരേഖ/സബ്സിഡി നിരക്ക് എന്നിവ പാലിക്കാതെയുള്ള പ്രോജക്ട് ഒഴിവാക്കുന്നതിന്

(v) കേന്ദ്ര-സംസ്ഥാന പദ്ധതി പ്രകാരം ലഭിച്ച തുകയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തൽ, ആശ്രയ പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തൽ

(vi) 2018-19 -ലെ വാർഷികപദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും പ്രോജക്ടുകൾക്ക് MPLAD, MLASDF കേന്ദ്രാവിഷ്കൃത പദ്ധതി തുടങ്ങിയതടക്കം മറ്റേതെങ്കിലും തലത്തിൽ ഭരണാനുമതിയും ഫണ്ടും ലഭിച്ചിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കി ഇതിൽ നിന്നും ലഭിക്കുന്ന തുക മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഉപയോഗിക്കാവുന്നതാണ്.

(vii) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എസ്.സി.എസ്.പി/റ്റി.എസ്.പി പൊതു പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാതെ വന്നാൽ ( ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ ട്രൈബൽ

എക്സ്റ്റൻഷൻ ഓഫീസർ ഫീസിബിൾ അല്ലായെന്ന് സാക്ഷ്യപ്പെടുത്തണം) ഇത്തരം പ്രോജക്ടുകൾ ഒഴിവാക്കി പുതിയ പ്രോജക്ട് എടുക്കാവുന്നതാണ്.

ഏതെങ്കിലും പ്രോജക്ടുകൾ ഒഴിവാക്കുകയാണെങ്കിൽ ഇങ്ങനെ ലഭിക്കുന്ന തുക സ്പിൽ ഓവർ പ്രോജക്ടുകൾക്കോ മുകളിൽ ഖണ്ഡിക - 3-ൽ പറഞ്ഞിരിക്കുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനോ ഉപയോഗിക്കേണ്ടതാണ്. തുക മിച്ചം ഉണ്ട് എങ്കിൽ മാത്രമേ പുതിയ പ്രോജക്ടുകൾക്ക് ഉപയോഗിക്കാവൂ. വാർഷിക പദ്ധതി ഭേദഗതി ചെയ്യുമ്പോൾ മേഖലാ വിഭജനമടക്കമുള്ള നിബന്ധനകൾ പാലിച്ചിരിക്കണം.

ഭേദഗതി/പുതിയ പ്രോജക്ടുകൾ വെറ്റിംഗ്/സാങ്കേതികാനുമതിക്ക് ശേഷമാണ് ജില്ലാ ആസൂത്രണസമിതിക്ക് സമിതിക്ക് സമർപ്പിക്കേണ്ടത്.